**പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (ഭരണവിഭാഗം, തിരുവനന്തപുരം) നടപടിക്രമം**

വിഷയം- ജീവനക്കാര്യം- പൊ.മ.വ - രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ സീനിയോറിറ്റി പുനർനിർണ്ണയം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന- 1. 13-03-2014 ലെ ഉത്തരവ് നമ്പർ SC4/10454/13

2. ഒന്നാംഗ്രേഡ് ഓവർസിയർ ശ്രീ.എസ്.എ.കിരൺലാലിന്റെ 12/01/2016 ലെ നിവേദനം

**ഉത്തരവ് നമ്പർ എസ് സി 4/10454/13 തീയതി 31/05/2016**

സൂചനയിലെ കത്തിലൂടെ, പൊതുമരാമത്തുവകുപ്പ് ദേശീയപാതവിഭാഗം കൊല്ലത്തെ ഒന്നാംഗ്രേഡ് ഓവർസിയറായ ശ്രീ.എസ്.എ.കിരൺലാൽ, സൂചന (1 പ്രകാരം പ്രസിദ്ധീകരിച്ച രണ്ടാംഗ്രേഡ് ഓവർസിയർമാരുടെ 01/01/2011 മുതൽ 31/12/2012 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 173-ാം റാങ്കായി ഉൾപ്പെട്ടിട്ടുള്ള ടിയാന്റെ സീനിയോറിറ്റി, ടി ലിസ്റ്റിൽ 172-ാം റാങ്കായി ഉൾപ്പെട്ടിട്ടുള്ള ശ്രീ.ജെ.രമേഷ്കുമാറിന്റെ മുന്നിലായി പുനർനിർണ്ണയിച്ച് നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ.ജെ.രമേഷ്കുമാർ, 27/11/2012 ലെ ഉത്തരവ് നമ്പർ EB4(a)-186/2012 പ്രകാരം അന്തർവകുപ്പുതല സ്ഥലംമാറ്റം മുഖേന പൊതുമരാമത്തുവകുപ്പിൽ നിയമനം ലഭിച്ചിട്ടുള്ളതും, ടിയാൻ 06/12/2012 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ സൂചന (1) ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ടിയാൻ പൊതുമരാമത്തുവകുപ്പിൽ സേവനമാരംഭിച്ച തീയതി 06/12/2012 നു പകരം 12/06/2012 എന്ന് തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു. ആയത് പുനഃപരിശോധിക്കുമ്പോൾ, 24/03/2004 ലെ നിയമനനിർദ്ദേശ്ശനമ്പർ RIA(3)/13681/2001/GW പ്രകാരം 08/06/2004 ൽ രണ്ടാംഗ്രേഡ് ഓവർസിയറായി സർവ്വീസിൽ പ്രവേശിക്കുകയും, തുടർന്ന് പരിവീക്ഷാക്കാലം പൂർത്തിയാക്കാതെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ആയത് പൂർത്തീകരിച്ച് 21/06/2012 ൽ സർവ്വീസിൽ പ്രവേശിക്കുകയും തുടർന്ന് 26/04/2014 ലെ ഉത്തരവ് നമ്പർ EB4(a)-13881/2014 പ്രകാരം പരിവീക്ഷാക്കാലം പൂർത്തിയാക്കുകയും ചെയ്ത ശ്രീ.എസ്.എ.കിരൺലാൽ, ടി ശ്രീ.ജെ.രമേഷ്കുമാറിന്റെ സീനിയർ ആകയാൽ ടിയാളുകളുടെ സീനിയോറിറ്റി സൂചന (1) പ്രകാരമുള്ള അന്തിമ ലിസ്റ്റിൽ ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ ഇതിനാൽ പുനർനിർണ്ണയിക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | പുനർനിർണ്ണയിച്ച സീനിയോറിറ്റി നമ്പർ | വിദ്യാഭ്യാസ യോഗ്യത | സ്ഥാനക്കയറ്റം ലഭിച്ച ഉത്തരവ് |
|---|---|---|---|---|---|
| 1 | ശ്രീ.എസ്.എ.കിരൺലാൽ | 31/05/1972 | 172 | SSLC, Draftsman Civil | Rejoined after LWA on 21/06/2012 and Probation declared vide Order No. EB4(a)-13881/2014 dt. 26/04/2014 |
| 2 | ശ്രീ.ജെ.രമേഷ്കുമാർ | 15/05/1980 | 173 | SSLC, NTC D'man Civil | Order No. EB4(a)-186/2012 dt. 27/11/2012 and joined duty on 06/12/2012 (IDT) |

ഒപ്പ്/-
ചീഫ് എഞ്ചിനീയർ
ഭരണവിഭാഗം

സ്വീകർത്താവ്

മേലധികാരി മുഖേന വ്യക്തികൾക്ക്

പകർപ്പ്

ഐറ്റി.സെൽ/ ഇ.ബി5/ഇ.ബി4(എ) സെക്ഷൻ/സ്റ്റോക്ക്/സ്പെയർ

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(പി.എഫ്)

SR